"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - തൃക്കാക്കര മഹാക്ഷേത്രത്തിലെ ഓണാഘോഷ പരിപാടികൾക്ക് കളമശ്ശേരി നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2073/2025/LSGD തീയതി,തിരുവനന്തപുരം, 20-08-2025

---

പരാമർശം:- 1. കളമശ്ശേരി നഗരസഭാ ചെയർപേഴ്സന്റെ 11/07/2025ലെ കത്ത്.

**ഉത്തരവ്**

ഓണാഘോഷങ്ങൾക്ക് തുടക്കം കുറിയ്ക്കുന്ന തൃക്കാക്കര മഹാക്ഷേത്രം സ്ഥിതി ചെയ്യുന്നത് കളമശ്ശേരി നഗരസഭ പരിധിയിലാണെന്നും, നഗരസഭ വർഷങ്ങളായി ഈ ക്ഷേത്രത്തിലെ ഓണാഘോഷ പരിപാടികൾക്ക് സാമ്പത്തിക സഹായം നല്കി വരുന്നുണ്ടെന്നും, ഈ വർഷം ഓണാഘോഷ പരിപാടി നടത്തുന്നതിന് നഗരസഭയുടെ ബഡ്ജറ്റിൽ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും ആയത് തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകണമെന്നും പരാമർശിത കത്ത് പ്രകാരം കളമശ്ശേരി നഗരസഭ ചെയർപേഴ്സൺ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025 ലെ തൃക്കാക്കര മഹാദേവ ക്ഷേത്രത്തിലെ ഓണാഘോഷ പരിപാടികൾക്കായി കളമശ്ശേരി നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും കൗൺസിൽ തീരുമാനത്തിന് വിധേയമായി **10,00,000/- (പത്തു ലക്ഷം രൂപ മാത്രം)** അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHA A K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.
ചെയർപേഴ്സൺ/സെക്രട്ടറി, കളമശ്ശേരി നഗരസഭ.
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ്,

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 21-08-2025 11:26:17

പകർപ്പ്: ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്.